ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികം രാജ്യമിന്ന് രാഷ്ട്രീയ ഏകതാ ദിവസായി ആഘോഷി ക്കുന്നു ; സർദാർ പട്ടേലിന് ആദരമ ർപ്പിച്ച് രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

**Nation is celebrating the 150th birth anniversary of Sardar Vallabhbhai Patel today as National Unity Day ; President, Vice President, Prime Minister, and other dignitaries paid by tributes to Sardar Patel.**

2) വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ജനങ്ങൾ ഒന്നിച്ച് പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗുജറാ ത്തിൽ ഏകതാ ദിനാഘോഷങ്ങൾക്ക് പ്രധാനമന്ത്രി നേതൃത്വം നൽകി.

**Prime Minister Narendra Modi appealed to the citizens to unite and dedicate themselves to the nation's progress to achieve the dream of Viksit Bharat. PM Addressed the Rashtriya Ekta Diwas celebrations in Ekta Nagar, Gujarat.**

3) രാജ്യമെമ്പാടും ഏകതയ്ക്കായുള്ള കൂട്ടയോട്ടം സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് നടന്ന ഏകതാ പദയാത്ര ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു.

**Unity runs were held across the country. Governor Rajendra Viswanath Arlekar flagged off the Unity Walk in Thiruananthapuram.**

4) ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൻഡിഎ ഇന്ന് പ്രകടന പത്രിക പുറത്തിറക്കി.

Campaigning continues in full swing for the Bihar Assembly elections. The NDA released its election manifesto today.

5) കേരളപ്പിറവി ആഘോഷങ്ങൾക്ക് തയ്യാറെടുത്ത് സംസ്ഥാനം. നിയമസഭ നാളെ പ്രത്യേക സമ്മേളനം ചേരും.

Kerala is all set to celebrate Kerala Piravi tomorrow. A special session of the Legislative Assembly will be held.

6) ഇന്ത്യ-ഓസ്ട്രേലിയ ടി-20 പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് .

The second match of the India-Australia T20 series will be played today.

*****************************

## PRESIDENT-EKTA DIWAS

ഇന്ത്യയുടെ ഉരുക്ക് മനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികം രാജ്യമിന്ന് രാഷ്ട്രീയ ഏകതാ ദിവസായി ആഘോഷിക്കുന്നു. രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ സർദാർ പട്ടേലിന് ആദരാഞ്ജലികൾ അർപ്പിച്ചു. ന്യൂഡൽഹിയിലെ പട്ടേൽ ചൗക്കിലുള്ള അദ്ദേഹത്തിന്റെ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പുഷ്പാർച്ചന നടത്തി. അചഞ്ചലമായ ദൃഢനിശ്ചയത്തിലൂടെയും, കഴിവുറ്റ നേതൃത്വത്തിലൂടെയും രാജ്യത്തെ ഏകീകരിക്കുക എന്ന ചരിത്രപരമായ ദൗത്യം നിർവഹിച്ച മഹാനാണ് സർദാർ പട്ടേൽ എന്ന് ഏകതാ ദിന സന്ദേശത്തിൽ രാഷ്ട്രപതി പറഞ്ഞു. രാഷ്ട്രനിർമ്മാണത്തിലും നാട്ടുരാജ്യങ്ങളുടെ ഏകോപനത്തിലും സർദാർ പട്ടേൽ കാഴ്ചവച്ച നേതൃ പാടവം എക്കാലവും പ്രചോദനം പകരുമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.

*****************************

## EARLY PM GUJRAT (INTRO)

വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ജനങ്ങൾ ആത്മാർപ്പണത്തോടെ ഒന്നിച്ച് പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗുജറാത്തിലെ ഏക്താ നഗറിൽ,

രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങൾക്ക് നേതൃത്വം നൽകുകയായിരുന്നു പ്രധാനമന്ത്രി. മാവോയിസ്റ്റ് ഭീകരതയ്ക്ക് ശക്തമായ തിരിച്ചടി നൽകാൻ കഴിഞ്ഞ 10 വർഷത്തിനിടെ കേന്ദ്രസർക്കാരിന് സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ ഘടനയെ ദുർബലപ്പെടുത്തുന്ന ചിന്തകളെയും, പ്രവൃത്തിയെയും ഓരോ പൗരനും അവഗണിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ചടങ്ങിൽ അദ്ദേഹം ഏകതാ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. ദേശീയ ഐക്യം ശക്തിപ്പെടുത്തുന്നതിൽ പങ്കാളികളാകാൻ രാജ്യത്തെ കോടിക്കണക്കിന് ജനങ്ങൾക്ക് ഏക്താ പ്രതിജ്ഞയിലൂടെ സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

ഏക്താ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ പ്രധാനമന്ത്രി ഏക്താ പരേഡിനും സാക്ഷ്യം വഹിച്ചു. ബിഎസ്എഫ്, സിആർപിഎഫ് തുടങ്ങിയ സായുധ സേനാ വിഭാഗങ്ങളും, സംസ്ഥാന പോലീസ് സേനകളും പരേഡിന്റെ ഭാഗമായി. വ്യോമസേനയുടെ എയർ ഷോ-യും ഇതോടനുബന്ധിച്ച് നടന്നു.

******************************

## SHAH- RUN FOR UNITY (INTRO)

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഏകീകരണത്തിൽ അതുല്യമായ സംഭാവനകളാണ് സർദാർ പട്ടേൽ നൽകിയതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. രാഷ്ട്രീയ ഏകതാ ദിവസിനോട് അനുബന്ധിച്ചുള്ള റൺ ഫോർ യൂണിറ്റി ഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം. ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം നേടിയ ശേഷം, 562 നാട്ടുരാജ്യങ്ങളായി ചിതറിക്കിടന്നിരുന്ന ഇന്ത്യയെ ഏകീകരിച്ച് ആധുനിക രാഷ്ട്രമാക്കി മാറ്റുന്നതിൽ സർദാർ പട്ടേൽ വഹിച്ച പങ്ക് നിസ്തുലമാണെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

(ഹോൾഡ്)

രാജ്യത്തിൻറെ ഐക്യവും അഖണ്ഡതയും ഊട്ടിയുറപ്പിക്കുന്നതിനുള്ള പ്രതിബദ്ധത ജനങ്ങളിൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടാണ് രാജ്യമെമ്പാടും ഐക്യത്തിനായുള്ള കൂട്ടയോട്ടം സംഘടിപ്പിക്കുന്നത്.

****************************

## EKTA KERALA

ഏകതാ ദിനത്തോടനുബന്ധിച്ച് കേരളത്തിലും ഇന്ന് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് കവടിയാർ വിവേകാനന്ദ പ്രതിമക്ക് സമീപത്തു നിന്ന് ആരംഭിച്ച പദയാത്ര ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. കൊച്ചി വെളിയനാട് ചിന്മയ വിശ്വ വിദ്യാപീഠത്തിൽ നടന്ന യുണിറ്റി മാർച്ചിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുത്തു. കേരള പോലീസും സംസ്ഥാനത്തുടനീളം റൺ ഫോർ യൂണിറ്റി സംഘടിപ്പിച്ചു. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നടന്ന ഏകതാ പ്രതിജ്ഞയ്ക്ക് നിലയം മേധാവി എ.ജി ബൈജു നേതൃത്വം നൽകി.

****************************

## BIHAR- SANKALP PATRA

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൻഡിഎ ഇന്ന് പ്രകടന പത്രിക പുറത്തിറക്കി. ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ, മുതിർന്ന ബിജെപി നേതാവ് ധർമ്മേന്ദ്ര പ്രധാൻ തുടങ്ങിയവർ ചേർന്നാണ് പത്രിക പുറത്തിറക്കിയത്. യുവജനങ്ങൾക്കും, കർഷകർക്കും, പിന്നാക്ക വിഭാഗങ്ങൾക്കും പ്രത്യേക പ്രാധാന്യമാണ് പ്രകടന പത്രികയിൽ നൽകിയിരിക്കുന്നത്. അടുത്ത 5 വർഷത്തിനിടെ ഒരു കോടി തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുമെന്നും പത്രിക വാഗ്ദാനം ചെയ്യുന്നു. കോൺഗ്രസ്-ആർജെഡി മഹാസഖ്യവും

കഴിഞ്ഞ ദിവസം പ്രകടന പത്രിക പുറത്തിറക്കിയിരുന്നു. അടുത്ത മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************

## KERALA BIRTH DAY

ഐക്യകേരളം രൂപീകരിച്ച് നാളെ 69 വർഷം പൂർത്തിയാകും. വിപുലമായ ആഘോഷ പരിപാടികളാണ് കേരളപ്പിറവിയോടനുബന്ധിച്ച് സംസ്ഥാനത്ത് നടക്കുന്നത്. നിയമസഭയുടെ പ്രത്യേക സമ്മേളനം നാളെ വിളിച്ച് ചേർത്തിട്ടുണ്ട്. മലയാളദിന ഭരണ ഭാഷാവാരാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. കേരളം രാജ്യത്തെ ആദ്യ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായതിന്റെ പ്രഖ്യാപനവും മുഖ്യമന്ത്രി നാളെ സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തും. ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയവർ ചടങ്ങിൽ മുഖ്യാതിഥികളാവും

****************************

## VICE PRESIDENT – KOLLAM

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ തിങ്കളാഴ്ച കേരളം സന്ദർശിക്കും. കൊല്ലം ഫാത്തിമ മാത നാഷനൽ കോളജ് ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ഉപരാഷ്ട്രപതി ആയ ശേഷമുള്ള ശ്രീ സി.പി രാധാകൃഷ്ണൻറെ ആദ്യ കേരള സന്ദർശനമാണിത്.

****************************

## CBSE

CBSE 10,12 ക്ലാസ് പരീക്ഷാ തീയതികൾ പ്രഖ്യാപിച്ചു. 2026 ഫെബ്രുവരി 17 നാണ് പരീക്ഷയ്ക്ക് തുടക്കമാവുന്നത്. രാവിലെ 10.30 ന് ആരംഭിക്കുന്ന വിധത്തിലാണ് പരീക്ഷകൾ ക്രമീകരിച്ചിരിക്കുന്നത്.

****************************

## PM MODI- ARYAN SUMMIT

ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര ആര്യൻ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം അഭിസംബോധന ചെയ്യും. മഹർഷി ദയാനന്ദ സരസ്വതിയുടെ 200-ാം ജന്മവാർഷികവും ആര്യസമാജത്തിന്റെ 150-ാം വാർഷികവും അനുസ്മരിക്കുന്ന ജ്ഞാനജ്യോതി ഉത്സവത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

****************************

## INDIA-US DEFENCE AGREEMENT

പ്രതിരോധ മേഖലയിലെ അടുത്ത 10 വർഷത്തെ ഇന്ത്യാ-യുഎസ് സഹകരണം സംബന്ധിച്ച മാർഗ്ഗരേഖയിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും, യുഎസ് വാർ സെക്രട്ടറി പീറ്റ് ഹെഗ്സെത്തും മലേഷ്യയിലെ ക്വലാലംപൂരിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് നടപടി.

****************************

## INDIRA GANDHI DEATH ANNIVERSARY

ഇന്ന് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 41-ാം ചരമ വാർഷിക ദിനം. ഇന്ദിരാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ ശക്തി സ്ഥലിൽ കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയവർ സ്മരണാഞ്ജലി അർപ്പിച്ചു.

****************************

## INDIA AUSTRALIA T20

ഇന്ത്യ ഓസ്ട്രേലിയ T-20 പരമ്പരയിലെ രണ്ടാമത്തെ മത്സരം ഇന്ന് മെൽബണിൽ നടക്കും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:45 നാണ് മത്സരം. മലയാളി വിക്കറ്റ് കീപ്പർ സഞ്ജു സാംസൺ ഇന്ന് കളിക്കളത്തിലിറങ്ങും. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യമത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

***************************

## ICC W WORLD CUP

വനിതാ ഏകദിന ലോകകപ്പ് സെമിയിൽ ഇന്നലെ ഓസ്ട്രേലിയയെ 5 വിക്കറ്റിന് തോൽപിച്ച് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. ഓസീസ് ഉയർത്തിയ 339 റൺ വിജയലക്ഷ്യം 48.3 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. മുംബൈയിൽ മറ്റന്നാൾ നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയാണ് ഇന്ത്യയുടെ എതിരാളി.

***************************

## STOCKS/GOLD

രാജ്യത്തെ ഓഹരിവിപണികൾ ഇന്ന് നഷ്ടത്തിലാണ് വ്യാപാരം തുടങ്ങിയത്. സെൻസെക്സ് 240 പോയിൻറ് കുറഞ്ഞ് 84 ആയിരത്തി 164 ലും, നിഫ്റ്റി 90 പോയിൻറ് താഴ്ന്ന് 25 ആയിരത്തി 787 ലും വ്യാപാരം തുടരുന്നു. സ്വർണവില പവന് 880 രൂപ വർധിച്ച് 89,960 രൂപയും, ഗ്രാമിന് 11,245 രൂപയുമായി.

***************************

## TELANGANA-MONTHA RAINS

തെലങ്കാനയിലെ പ്രളയബാധിത ജില്ലകളായ വാറംഗലിലും, ഹനാംകോണ്ടയിലും മുഖ്യമന്ത്രി രേവന്ത് റെഡ്ഢി ഇന്ന് വ്യോമനിരീക്ഷണം നടത്തും. മോൻതാ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ അതിതീവ്ര മഴയാണ് മേഖലയിൽ വെള്ളപ്പൊക്കത്തിന് കാരണമായത്. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ സേനകളുടെ നേതൃത്വത്തിൽ രണ്ടായിരത്തോളം പേരെ

സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ആളുകൾ കുടുങ്ങിക്കിടക്കുന്ന മേഖലയിൽ ഡ്രോൺ ഉപയോഗിച്ച് ഭക്ഷണ വിതരണം നടത്തി വരികയാണ്.

*****************************

## GST – AUTOMOBILE

രാജ്യത്തെ പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, ഓട്ടോമൊബൈൽ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുന്നതായി കേന്ദ്ര സർക്കാർ. ട്രക്കുകൾ, ഡെലിവറി വാനുകൾ തുടങ്ങിയ വാണിജ്യ ചരക്ക് വാഹനങ്ങളുടെ നികുതി 18 ശതമാനമായി കുറച്ചത് ലോജിസ്റ്റിക് ചെലവ് കുറയ്ക്കുകയും കയറ്റുമതി മെച്ചപ്പെടുത്തുകയും ചെയ്യു. ജിഎസ്ടി നിരക്കിലെ മാറ്റങ്ങൾ പുതിയ വാഹനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് ഏറെ സഹായകരമാണെന്നാണ് വിലയിരുത്തൽ.

*****************************

## EDUCATION–AI

രാജ്യത്ത് എല്ലാ സ്കൂളുകളിലും മൂന്നാം ക്ലാസ് മുതൽ നിർമ്മിത ബുദ്ധി അധിഷ്ഠിത പാഠ്യപദ്ധതി അവതരിപ്പിക്കുമെന്ന് കേന്ദ്രസർക്കാർ. എഐയുടെ ധാർമ്മിക ഉപയോഗത്തിലേക്കുള്ള പുതിയ ചുവടുവയ്പ്പാണിത്. പുതിയ പാഠ്യപദ്ധതി രൂപകൽപ്പന ചെയ്യുന്നതിന് ഐഐടി മദ്രാസിലെ പ്രൊഫസർ കാർത്തിക് രാമൻറെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയതായും വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

******************************************************************************

*****************************